# കേരള സർവകലാശാല

നം.പി.ആർ.178/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പുഃനപരീക്ഷ

2019 ആഗസ്റ്റ് 8 ന് നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി (ബോട്ടണി) 'BO 223 – Cell and Molecular Biology and Genetics' (2013 സ്കീം – 2015 അഡ്മിഷൻ മുതൽ) പരീക്ഷ റദ്ദാക്കിയിരിക്കുന്നു. പുഃനപരീക്ഷ 2019 ആഗസ്റ്റ് 22 ന് രാവിലെ 9.30 മുതൽ 12.30 വരെ അതാതു കോളേജുകളിൽ വെച്ച് നടത്തുന്നതാണ്.

### പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എം.സി.എ (2015 സ്കീം - റെഗുലർ ആന്റ് സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷ 2019 ആഗസ്റ്റ് 20, 21, 22 തീയതികളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### വൈവ - വോസി

2019 ജൂലൈയിൽ നടത്തിയ ആറാം സെമസ്റ്റർ യൂണിറ്ററി (ത്രിവത്സരം) എൽ.എൽ.ബി പരീക്ഷയുടെ ഭാഗമായുള്ള വൈവ - വോസി പരീക്ഷകൾ സി.എസ്.ഐ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലീഗൽ സ്റ്റഡീസ്, ചെറുവാരക്കോണത്ത് സെപ്റ്റംബർ 3 നും ഗവ.ലോ കോളേജിൽ സെപ്റ്റംബർ 4 മുതൽ 6 വരെയും കേരളാ ലാ അക്കാഡമിയിൽ സെപ്റ്റംബർ 16 മുതൽ 20 വരെയും നടത്തുന്നതാണ്.

### പരീക്ഷാഫീസ്

2019 സെപ്റ്റംബർ 23 മുതൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി പരീക്ഷകൾക്ക് റെഗുലർ, സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് ഓൺലൈനായും മേഴ്സിചാൻസ് (2011-12 അഡ്മിഷൻ) വിദ്യാർത്ഥികൾക്ക് ഓഫ്ലൈനായും ആഗസ്റ്റ് 21 മുതൽ അപേക്ഷിക്കാം. പിഴ കൂടാതെ ആഗസ്റ്റ് 30 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 3 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 5 വരെയും അപക്ഷിക്കാം.

### ഓൺലൈൻ രജിസ്ട്രേഷൻ

2019 സെപ്റ്റംബർ 18 മുതൽ ആരംഭിക്കുന്ന മൂന്നും നാലും സെമസ്റ്റർ ബി.എസ്.സി മാത്തമാറ്റിക്സ് (വിദൂരവിദ്യാഭ്യാസം - 2017 അഡ്മിഷൻ) പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആഗസ്റ്റ് 21 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 സെപ്റ്റംബറിൽ ആരംഭിക്കുന്ന രണ്ട്, നാല്, ആറ്, എട്ട് ഇന്റഗ്രേറ്റഡ് എം. ബി.എ/ബി.എം - എം.എ.എം (2015 സ്കീം) പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

2019 ആഗസ്റ്റിൽ നടക്കുന്ന നാലാം സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം/എം. എസ്.ഡബ്ല്യൂ/എം.എം.സി.ജെ (റെഗുലർ/സപ്ലിമെന്ററി/മേഴ്സിചാൻസ്) പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാകേന്ദ്രങ്ങൾ

2019 ആഗസ്റ്റ് 21 മുതൽ ആരംഭിക്കുന്ന ഒന്നും രണ്ടും വർഷ ബി.കോം ആന്വൽ സ്കീം (പ്രൈവറ്റ്, എസ്.ഡി.ഇ) പരീക്ഷകൾക്ക് സെന്റ് ജോൺസ് കോളേജ് അഞ്ചൽ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള രജിസ്റ്റർ നമ്പർ 3031840001 മുതൽ 3031840280 വരെയുള്ള ഒന്നാം വർഷ വിദ്യാർത്ഥികൾ മന്നം എൻ.എസ്.എസ് കോളേജ്, ഇടമുകൾ, അഞ്ചലിലും ഗവൺമെന്റ് ആർട്സ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച രജിസ്റ്റർ നമ്പർ 3031803001 മുതൽ 3031803301 വരെയുള്ള ഒന്നാം വർഷ വിദ്യാർത്ഥികൾ ഇമ്മാനുവേൽ കോളേജ് വാഴിച്ചലിലും 3031803302 മുതൽ 3031803401 വരെയുള്ള വിദ്യാർത്ഥികൾ എം.ജി കോളേജ് പരുത്തിപ്പാറ, തിരുവനന്തപുരത്തും ഗവൺമെന്റ് ആർട്സ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച മുഴുവൻ രണ്ടാം വർഷ വിദ്യാർത്ഥികളും വി.ടി.എം.എൻ.എസ്.എസ് കോളേജ് ധനുവച്ചപുരത്തും ആലപ്പുഴ എസ്.ഡി കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവരിൽ രജിസ്റ്റർ നമ്പർ 1446002 മുതൽ 3031646288 വരെയുള്ള മുഴുവൻ ഓൺലൈൻ സപ്ലിമെന്ററി വിദ്യാർത്ഥികൾ പാർട്ട് ഒന്ന് ഇംഗ്ലീഷ് പരീക്ഷ മാത്രം എം.എസ്.എം കോളേജ് കായംകുളത്ത് പരീക്ഷ എഴുതേണ്ടതും ബാക്കിയുള്ള വിദ്യാർത്ഥികൾ എസ്.ഡി കോളേജിൽ തന്നെ പരീക്ഷ എഴുതേണ്ടതാണ്. മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച മുഴുവൻ വിദ്യാർത്ഥികളും എം.ജി കോളേജ്, തിരുവനന്തപുരത്തും ഗവൺമെന്റ് കോളേജ്, ആറ്റിങ്ങൽ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികളിൽ രജിസ്റ്റർ നമ്പർ 3031823120 മുതൽ 3031823219 വരെയുള്ള വിദ്യാർത്ഥികൾ എൻ.എസ്. എസ് കോളേജ് നിലമേലും പരീക്ഷ എഴുതേണ്ടതാണ്. ചേർത്തല എസ്.എൻ കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള ഒന്നാം വർഷ വിദ്യാർത്ഥികളിൽ പാർട്ട് മൂന്ന് ഏപ്രിൽ 2019 ലെ പരീക്ഷ ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ എഴുതിയ രജിസ്റ്റർ നമ്പർ 3031848001 മുതൽ 3031848320 വരെയുള്ളവരും കൂടാതെ 3031848321 മുതൽ 3031848330 വരെയുള്ളവരും പാർട്ട് ഒന്ന് ഇംഗ്ലീഷ് പ്രോസ് (21.08.2019) എൻ.എസ്.എസ് കോളേജ് ചേർത്തലയിലും പരീക്ഷ എഴുതേണ്ടതാണ്. ഈ വിദ്യാർത്ഥികൾ പാർട്ട് രണ്ട് മോഡേൺ ലാംഗ്വേജ് എസ്.എൻ കോളേജ് ചേർത്തലയിൽ തന്നെ എഴുതേണ്ടതാണ്. സെന്റ് സ്റ്റീഫൻസ് പത്തനാപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികളും ആയൂർ മാർത്തോമാ കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജി യിലും ഗവൺമെന്റ് കോളേജ് നെടുമങ്ങാട് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള ഒന്നാം വർഷ വിദ്യാർത്ഥികളിൽ 3031821001 മുതൽ 3031821041 വരെയുള്ളവരും കൂടാതെ മുഴുവൻ രണ്ടാം വർഷ റെഗുലർ വിദ്യാർത്ഥികളും മണക്കാട് നാഷണൽ കോളേജിലും സംസ്കൃത കോളേജ്, തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളിൽ 3031802001 മുതൽ 3031802200 വരെയുള്ള ഒന്നാം വർഷ വിദ്യാർത്ഥി കളും മുഴുവൻ രണ്ടാം വർഷ വിദ്യാർത്ഥികളും കൂടാതെ മുഴുവൻ ഓഫ്ലൈൻ സപ്ലി മെന്ററി വിദ്യാർത്ഥികളും കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, അടൂരിലും ഗവൺമെന്റ് സംസ്കൃത കോളേജ് ഓഫ്ലൈനായി അപേക്ഷിച്ച വിദ്യാർത്ഥികൾ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് അടൂരിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റേണ്ടതാണ്. ഗവൺമെന്റ് സംസ്കൃത് കോളേജ്, തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള

വിദ്യാർത്ഥികളിൽ രജിസ്റ്റർ നമ്പർ 3031802201 മുതൽ 3031802300 വരെയുളള ഒന്നാം വർഷ വിദ്യാർത്ഥികൾ നാഷണൽ കോളേജ് മണക്കാടും പരീക്ഷ എഴുതേണ്ടതാണ്. യൂണിവേഴ്സിറ്റി കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുളള വിദ്യാർത്ഥികളിൽ 2018 അഡ്മിഷനിലുളള ഒന്നാം വർഷ എല്ലാ ആൺകുട്ടികളും രജിസ്റ്റർ നമ്പർ 3031801001 മുതൽ 3031801248 വരെ ക്രിസ്റ്റ്യൻ കോളേജ്, കാട്ടാക്കടയിലും എല്ലാ പെൺകുട്ടികളും രജിസ്റ്റർ നമ്പർ 3031801249 മുതൽ 3031801400 വരെ ഗവൺമെന്റ് വിമൻസ് കോളേജ്, വഴുതയ്ക്കാടും പരീക്ഷ എഴുതേണ്ടതാണ്. 2017 അഡ്മിഷനിലുളള രണ്ടാം വർഷ വിദ്യാർത്ഥികളെല്ലാവരും രജിസ്റ്റർ നമ്പർ 3031701001 മുതൽ 3031701214 വരെ കെ. എൻ.എം ഗവൺമെന്റ് കോളേജ് കാഞ്ഞിരംകുളത്തും പരീക്ഷ എഴുതേണ്ടതാണ്. സപ്ലിമെന്ററി പരീക്ഷ എഴുതുന്ന ഓൺലൈൻ വിദ്യാർത്ഥികൾ എ.ജെ കോളേജ്, തോന്നയ്ക്കലും ഓഫ്ലൈൻ സപ്ലിമെന്ററി വിദ്യാർത്ഥികൾ കെ.യു.സി.ടി.ഇ – ഗവൺമെന്റ് മെഡിക്കൽ കോളേജ് എച്ച്.എസ്.എസ് കുമാരപുരത്തും എസ്.എൻ കോളേജ് ഫോർ വിമൻ, കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുളള എല്ലാ വിദ്യാർത്ഥിനികളും എസ്.എൻ കോളേജ്, കൊല്ലത്തും എസ്.എൻ കോളേജ്, പുനലൂർ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുളള വിദ്യാർത്ഥികളിൽ 2017 അഡ്മിഷൻ രണ്ടാം വർഷ വിദ്യാർത്ഥികളും മോഡേൺ ലാംഗ്വേജ് പരീക്ഷ എഴുതാനുളള എല്ലാ വിദ്യാർത്ഥികളും ഡി.ബി കോളേജ് ശാസ്താംകോട്ടയിലും സപ്ലിമെന്ററി പാർട്ട് ഒന്ന് ഇംഗ്ലീഷ് എഴുതുന്ന ഓൺലൈനും ഓഫ്ലൈനും വിദ്യാർത്ഥികൾ എസ്.എൻ കോളേജ് പുനലൂരിലും ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുളള മുഴുവൻ വിദ്യാർത്ഥികളും ടി.കെ.എം കോളേജ്, കൊല്ലത്തും പരീക്ഷ എഴുതേണ്ടതാണ്.

## പരീക്ഷാഫലം

2019 മേയിൽ നടത്തിയ ബി.എ (ആന്വൽ സ്കീം) രണ്ടാം വർഷ ബിരുദ റെഗുലർ, സപ്ലിമെന്ററി സബ്സിഡിയറി വിഷയമായ 'പൊളിറ്റിക്കൽ സയൻസ്' വിഷയത്തിന്റെ ഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈൻ വിദ്യാർത്ഥികൾ ഓൺലൈനായും ഓഫ്ലൈൻ വിദ്യാർത്ഥികൾ ഫീസടച്ച് നിർദ്ദിഷ്ട അപേക്ഷാഫോറത്തിലും ആഗസ്റ്റ് 30 വരെ അപേക്ഷിക്കാവുന്നതാണ്. ഓൺലൈൻ വിദ്യാർത്ഥികളുടെ കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. തോറ്റ വിദ്യാർത്ഥികൾക്ക് (ഓഫ്ലൈൻ/ഓൺലൈൻ) പിഴ കൂടാതെ ആഗസ്റ്റ് 27 വരെ അപേക്ഷിക്കാവുന്നതാണ്.

2019 മേയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 27 ാം തീയതിക്കകം സർവകലാശാല ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. 2019 മാർച്ചിൽ നടത്തിയ ബി.എസ്.സി ബോട്ടണി ആന്റ് ബയോടെക്നോളജി (2010, 2011 അഡ്മിഷൻ – മേഴ്സിചാൻസ്, 2012 അഡ്മിഷൻ – സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 27 വരെ അപേക്ഷിക്കാം. 2019 ജനുവരിയിൽ നടത്തിയ ആറാം സെമസ്റ്റർ ബി.കോം കൊമേഴ്സ് ആന്റ് ടാക്സ് പ്രൊസീജിയർ ആന്റ് പ്രാക്ടീസ് (2013 അഡ്മിഷനു മുൻപുളളത്: 2010/2011 അഡ്മിഷൻ മേഴ്സിചാൻസ്, 2012 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 27 വരെ ഓൺലൈനായി അപേക്ഷിക്കാം.

## പുതുക്കിയ ഇന്റർവ്യൂ തീയതി

2019 ആഗസ്റ്റ് 20, 21 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന കോൺട്രാക്ട് ലൈബ്രറി അസിസ്റ്റന്റ് തസ്തികയിലേക്കുളള ഇന്റർവ്യൂ 2019 സെപ്റ്റംബർ 23, 24 തീയതികളിലേക്ക് മാറ്റിവെച്ചിരിക്കുന്നു. ആഗസ്റ്റ് 20 ന് ഹാജരാവാൻ നിർദ്ദേശിക്കപ്പെട്ടവർ

സെപ്റ്റംബർ 23 നും ആഗസ്റ്റ് 21 ന് ഹാജരാവാൻ നിർദ്ദേശിക്കപ്പെട്ടവർ സെപ്റ്റംബർ 24 നും രാവിലെ 8.30 ന് സർവകലാശാലയിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2019
## ജനറൽ/മറ്റ് വിഭാഗങ്ങൾക്ക് സ്പോട്ട് അലോട്ട്മെന്റ് മേഖല തലത്തിൽ

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ/ യു.ഐ.റ്റി./ ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ ഒന്നാം വർഷ ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് മേഖല തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. അടൂർ മേഖലയിലുള്ള കോളേജുകളുടെ സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് 19 ന് അടൂർ സെന്റ് സിറിൾസ് കോളേജിൽ നടത്തുന്നതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റ് ഔട്ട് നിർബന്ധമായും കൊണ്ടു വരേണ്ടതാണ്.

രാവിലെ 9 മണി മുതൽ 11 മണി വരെ വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാവരേയും പരിഗണിച്ചതിന് ശേഷം മാത്രമേ അലോട്ട്മെന്റിൽ പരിഗണിക്കുകയുള്ളൂ. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

<u>പ്രത്യേക കുറിപ്പ്</u>: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം(പി.ജി) – 2019
## ജനറൽ/മറ്റ് വിഭാഗങ്ങൾക്ക് സ്പോട്ട് അലോട്ട്മെന്റ് മേഖല തലത്തിൽ

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ/ യു.ഐ.റ്റി./ ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ ഒന്നാം വർഷ പി.ജി കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് മേഖല തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. കൊല്ലം മേഖലയിലും ആലപ്പുഴ മേഖലയിലും ഉൾപ്പെടുത്തിയിട്ടുള്ള കോളേജുകളിലേയ്ക്ക് ആഗസ്റ്റ് 22-ാം തീയതി യഥാക്രമം കൊല്ലം എസ്.എൻ കോളേജിലും, ആലപ്പുഴ എസ്.ഡി.കോളേജിലും, തിരുവനന്തപുരം മേഖലയിലും അടൂർ മേഖലയിലും ഉൾപ്പെടുത്തിയിട്ടുള്ള കോളേജുകളിലേയ്ക്ക് ആഗസ്റ്റ് 24-ാം തീയതി യഥാക്രമം സർവകലാശാല ആസ്ഥാനത്തുള്ള സെനറ്റ് ഹാളിലും അടൂർ സെന്റ് സിറിൾസ് കോളേജിലുമാണ് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നത്. എസ്.സി/എസ്.ടി സ്പോട്ട് അലോട്ട്മെന്റിന് ശേഷം ഒഴിവ് വന്ന സീറ്റുകൾ അർഹരായ മറ്റു വിഭാഗങ്ങളിലേയ്ക്ക് നിയമാനുസൃതം മാറ്റി ഈ സ്പോട്ട് അലോട്ട്മെന്റ് വഴി നികത്തുന്നതാണ്. രാവിലെ 9 മണി മുതൽ 11 മണി വരെ വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. ഈ സമയത്തിനകം ഹാജരായി രജിസ്റ്റർ ചെയ്തവരിൽ നിന്നും റാങ്ക് പട്ടിക തയ്യാറാക്കി സ്പോട്ട് അലോട്ട്മെന്റ് നടത്തും. നിലവിൽ

കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റ് ഔട്ട് നിർബന്ധമായും കൊണ്ടു വരേണ്ടതാണ്.രജിസ്ട്രേഷൻ സമയത്ത് റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാല തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നടക്കുക. ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാവരേയും പരിഗണിച്ചതിന് ശേഷം മാത്രമേ അലോട്ട്മെന്റിൽ പരിഗണിക്കുകയുള്ളൂ. അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് 1040/- രൂപ (എസ്.സി/എസ്.ടി വിഭാഗം 310/-രൂപ) കൈയിൽ കരുതേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ രജിസ്ട്രേഷൻ ഫീസായ 535/- രൂപയും (എസ്.സി/എസ്.ടി വിഭാഗം 270/-രൂപ) ഒടുക്കേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പ്രവേശന ഫീസ് മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഈ തുക ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്. സ്വാശ്രയ(മെറിറ്റ് സീറ്റുകൾ)/യു.ഐ.റ്റി. കോളേജുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും മേൽ പറഞ്ഞ തീയതികളിൽ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കേണ്ടതാണ്. കോളേജ് തലത്തിൽ നേരിട്ടുള്ള പ്രവേശനം അനുവദിക്കുന്നതല്ല. സർവകലാശാല നിശ്ചയിക്കുന്ന തീയതിക്കു ശേഷം ഒരു കാരണവശാലും പ്രവേശനം അനുവദിക്കുന്നതല്ല. രജിസ്ട്രേഷൻ ഉള്ള മുഴുവൻ വിദ്യാർത്ഥികളേയും പരിഗണിച്ച ശേഷം മാത്രമേ ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ പരിഗണിക്കുകയുള്ളു.
സ്പോട്ട് അലോട്ട്മെന്റിനായി സർവകലാശാലയിലേയ്ക്ക് അപേക്ഷകൾ ഒന്നും തന്നെ അയയ്ക്കേണ്ടതില്ല.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും 19, 21 എന്നീ തീയതികളിൽ പ്രസിദ്ധീകരിക്കുന്നതിന്)

**തിരുവനന്തപുരം.**
**17.08.2019**

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**